**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.93 — 06.01.2014 ൽ മറുപടിയ്ക്ക്

**പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട സംരക്ഷണ പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകളിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ കൃത്യമായി വേർതിരിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായോ എന്നും എങ്കിൽ എപ്പോഴാണെന്നും അറിയിക്കുമോ;<br><br>(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | കസ്തൂരിരംഗൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ 123 പരിസ്ഥിതിലോല വില്ലേജുകളിൽ സ്ഥലപരിശോധന നടത്തി സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിലോല പ്രദേശങ്ങളെ കൃത്യമായി നിർണ്ണയിക്കുന്നതിന് പശ്ചിമഘട്ട സംസ്ഥാനങ്ങളുടെ ശുപാർശകൾ 20.12.2013 ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കയാണ്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ പലതവണ കത്തുകളിലൂടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രധാനമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രി എന്നിവരുമായി നടത്തിയ ചർച്ചകളിലൂടെയും അറിയിച്ചിരുന്നു. |
| (സി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ ഇത്തരം ഒരു ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ അത് അവഗണിക്കുന്നതിന് കമ്മീഷൻ കണ്ടെത്തിയ നിഗമനം എന്തായിരുന്നു എന്നറിയാമോ? | (സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിനെതിരായി കസ്തൂരിരംഗൻ കമ്മിറ്റി മുമ്പാകെ സർക്കാർ നിവേദനം നൽകുകയും ജനാധിവാസ മേഖലകളെ ഒഴിവാക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു. കസ്തൂരിരംഗൻ കമ്മിറ്റി അത് പൂർണ്ണമായി അവഗണിച്ചു എന്നു പറയാനാവില്ല എങ്കിലും, ജനസാന്ദ്രതയേറിയ പ്രദേശങ്ങളെ പ്രകൃത്യാ ഉള്ള ഭൂപ്രദേശത്തിലുൾപ്പെടുത്തുക വഴി പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ജനാധിവാസമേഖലകളിൽ പ്രതിബന്ധം ഉണ്ടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ